പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.704

02.12.2014 ൽ മറുപടിയ്ക്ക്

# യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനങ്ങളുടെ സർവ്വതോമുഖമായ വികസനം ലക്ഷ്യമാക്കി യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | എ) കേരളോത്സവം, ഗോത്രായനം, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, അക്ഷരയുവത്വം, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, ഇന്റർ നാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാശില്പശാല, ഡി.റ്റി.പി / പി.എസ്.സി ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, പേപ്പർബാഗ് നിർമ്മാണം, മഴക്കാല ബോധവൽക്കരണം, നാടിക, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻ കലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശില്പശാല, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സകർമ്മ, സ്പോർട്സ് കിറ്റ് വിതരണം, ജീവദായിനി തുടങ്ങിയ പദ്ധതികൾ യുവജനങ്ങളുടെ വികസനത്തിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്നു. |
| (ബി) യുവജനങ്ങൾക്ക് ജോലി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) ജോബ് ഫെയർ, വ്യവസായ സംരംഭകത്വ പരിശീലനം, ഡി.റ്റി.പി/പി.എസ്.സി ഓൺലൈൻ പരിശീലനം, സ്വയംതൊഴിൽ പരിശീലനം തുടങ്ങിയ പദ്ധതികൾ തൊഴിൽരഹിതരായ യുവജനങ്ങൾക്ക് ജോലി ലഭിക്കുവാൻ സഹായകരമായി ബോർഡ് സംഘടിപ്പിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | യുവജനങ്ങൾക്കിടയിൽ സേവന തത്പരതയും ജീവകാരുണ്യ പ്രവർത്തനങ്ങളും വ്യാപകമാക്കുന്നതിന് ആസൂത്രണം ചെയ്ത പരിപാടികൾ വിശദമാക്കുമോ ; | (സി) | ജീവദായിനി, പുനർജനി, യുവകർമ്മസേന എന്നീ പദ്ധതികൾ യുവജനങ്ങൾക്കിടയിൽ സേവന തൽപ്പരതയും ജീവകാരുണ്യ പ്രവർത്തനങ്ങളും വ്യാപകമാക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | യുവജനങ്ങൾക്കിടയിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കൈക്കൊണ്ട പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | കേരളത്തിലെ യുവജനങ്ങൾക്കിടയിൽ വർദ്ധിച്ച വരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ. സംസ്ഥാന എക്സൈസ് വകുപ്പിന്റെയും, എൻ.എസ്.എസ് ന്റെയും സഹകരണത്തോടുകൂടി കേരളത്തിലെ എല്ലാ ജില്ലകളിലും 5 ദിവസം വീതം നീണ്ടു നിൽക്കുന്ന പരിപാടിയാണ് സംഘടിപ്പിച്ചത്. പ്രചാരണത്തിന്റെ ഭാഗമായി ലഘുലേഖ വിതരണം, തെരുവുനാടകം, സിനിമാപ്രദർശനം എന്നിവയും സംഘടിപ്പിച്ചു. കൂടാതെ, 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത ക്ലബ്ബുകൾക്ക് ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനായി ധനസഹായവും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ